നം.എച്ച്2/35637/14

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 23.08.2014

## സർക്കുലർ

വിഷയം :- **പൊതുവിദ്യാഭ്യാസം - തസ്തിക നിർണയം 2014-15 - അധിക മുള്ള ജീവനക്കാരെ പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച്.**

സൂചന :-
1. 01.10.2011 ലെ ജി.ഒ.(പി) നമ്പർ 199/2011/പൊ.വി.വ.
2. 29.11.2013 ലെ ജി.ഒ.(പി) നമ്പർ 313/2013/പൊ.വി.വ.
3. 04.07.2014 ലെ ജി.ഒ.(പി) നമ്പർ 124/2013/പൊ.വി.വ.
4. ഈ ഓഫീസിൽ നിന്നുള്ള 10.07.2014 ലെ ഇതേ നമ്പർ സർക്കുലർ
5. 04.06.2010 ലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) നമ്പർ 92/2010/പൊ.വി.വ.

ഒന്നിലധികം വിദ്യാലയങ്ങളുള്ള വ്യക്തിഗത/കോർപ്പറേറ്റ് മാനേജർമാരുടെ പ്രത്യേക ശ്രദ്ധ സൂചനയിലെ സർക്കാർ ഉത്തരവുകളിലേക്കും സർക്കുലറിലേക്കും ക്ഷണിക്കുന്നു.

ബഹു. കേരള ഹൈക്കോടതിയിൽനിന്ന് പ്രത്യേകമായി ഇടക്കാല ഉത്തരവ് നേടിയിട്ടില്ലാത്ത എല്ലാ സ്കൂളുകൾക്കും 2014-15 വർഷത്തേക്കുള്ള തസ്തിക നിർണയ ഉത്തരവുകൾ വിദ്യാഭ്യാസ ഓഫീസർമാർ പുറപ്പെടുവിച്ചുകഴിഞ്ഞു.

ഓരോ സ്കൂളും ഓരോ യൂണിറ്റായി പരിഗണിച്ച് 1:45 അനുപാതത്തിലും, അപ്രകാരം നിലനിർത്താൻ കഴിയാതിരുന്ന അധ്യാപകരെ 1:30/1:35 അനുപാതത്തിലും, നിശ്ചിത വ്യവസ്ഥകൾപ്രകാരം പ്രൈമറി സ്കൂൾ പ്രഥമാധ്യാപകനെ ക്ലാസ്ചാർജിൽ നിന്ന് ഒഴിവാക്കുന്നതുമൂലമുണ്ടാകുന്ന എൽ.പി.എസ്.എ/യു.പി.എസ്.എ തസ്തികകൾ അനുവദിച്ചും പരമാവധി അധ്യാപകരെ തസ്തിക നൽകി സംരക്ഷിച്ചുകൊണ്ടാണ് ഇത്തവണ തസ്തികനിർണയം നടത്തിയിരിക്കുന്നത്. ഇങ്ങനെ നിലനിർത്താൻ കഴിയാത്ത അധ്യാപകരെയാണ് 'അധികമുള്ള അധ്യാപകർ' എന്ന ഗണത്തിൽ പെടുത്തി അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തുന്നത്.

എന്നാൽ ഓരോ സ്കൂളും ഓരോ യൂണിറ്റായി കണക്കാക്കിയതുവഴി സീനിയർ അധ്യാപകർക്ക് റഗുലർ 1:45 തസ്തിക, 1:35/1:30 തസ്തികകൾ ലഭ്യമാകാത്ത സ്ഥിതി ഒഴിവാക്കുന്നതിന് അതത് മാനേജ്മെന്റിന് കീഴിലുള്ള എല്ലാ സ്കൂളുകളെയും ഒറ്റ യൂണിറ്റാക്കി പരിഗണിച്ച് അധ്യാപകരുടെ പുനഃക്രമീകരണ ഉത്തരവ് പുറപ്പെടുവിക്കാൻ മാനേജർ ബാധ്യസ്ഥനാണ്. ഈ ഉത്തരവാദിത്തം സമയബന്ധിതമായി പൂർത്തീകരിച്ചാൽ മാത്രമേ ഇത്തവണ അധികമായി കണ്ടെത്തിയ അധ്യാപകർ മാനേജ്മെന്റിലെ പ്രസ്തുത കാറ്റഗറികളിലെ ഏറ്റവും ജൂനിയർമാരാണെന്നും സീനിയർ അധ്യാപകർക്കെല്ലാം അർഹമായ തസ്തികകൾ ലഭിച്ചിട്ടുണ്ടെന്നും ഉറപ്പാക്കാൻ കഴിയൂ.

ആയതിനാൽ 2014-15 വർഷത്തെ തസ്തിക നിർണയത്തിൽ തസ്തിക നഷ്ടമായ റഗുലർ അധ്യാപകരെ സീനിയോറിറ്റി അടിസ്ഥാനത്തിൽ 1:45/1:35/1:30/ഹെഡ്

ടീച്ചറെ ക്ലാസ് ചാർജിൽനിന്ന് ഒഴിവാക്കി സൃഷ്ടിക്കുന്ന തസ്തിക എന്നിവയിൽ പുനഃക്രമീകരിക്കുന്ന ഉത്തരവുകൾ അതത് മാനേജർമാർ ഒരാഴ്ചക്കുള്ളിൽ പുറപ്പെടുവിക്കേണ്ടതാണ്. ഓണപ്പരീക്ഷ നടക്കുന്നതിനാൽ ഓണാവധിക്കുശേഷം മാത്രം അധ്യാപകർ പുതിയ സ്കൂളിൽ പ്രവേശിച്ചാൽ മതിയാകും എന്ന നിർദേശവും നൽകണം.

ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അവരവരുടെ കീഴിലുള്ള ഓരോ സ്കൂളും ഓരോ യൂണിറ്റായി പരിഗണിച്ചുമാത്രമാണ് 1:35/1:30 അനുപാതത്തിലും മറ്റും തസ്തികകൾ സൃഷ്ടിച്ച് അധികമുള്ള അധ്യാപകരെ നിലനിർത്തിയിരിക്കുന്നത്. ഇതുകൂടാതെ ഒരു മാനേജ്മെന്റിലെ സ്കൂളുകളിൽനിന്നും 2014-15 വർഷം പുറത്തായ അധ്യാപകരെ മറ്റേതെങ്കിലും വിദ്യാഭ്യാസ ജില്ല/ഉപജില്ലയിലെ അതേ മാനേജ്മെന്റിലെ സ്കൂളുകളിൽ 1:30/1:35/ഹെഡ് ടീച്ചറെ ക്ലാസ് ചാർജിൽനിന്ന് ഒഴിവാക്കുന്നതിലൂടെയുള്ള തസ്തികകൾ സൃഷ്ടിച്ച് നിലനിർത്താൻ കഴിയുമെങ്കിൽ അക്കാര്യത്തിനായി പ്രസ്തുത സ്കൂളുകളിലെ തസ്തിക നിർണയം പുനർ നിർണയിക്കുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് വിശദമായ പ്രൊപ്പോസൽ മാനേജർ സമർപ്പിക്കേണ്ടതാണ്. ഇത്തരം പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ, അക്കോമഡേഷൻ സൗകര്യം കൂടി പരിശോധിച്ച്, വിദ്യാഭ്യാസ ഓഫീസർ ആവശ്യമെങ്കിൽ പ്രസ്തുത സ്കൂളിന്റെ തസ്തിക നിർണയം അപ്പലേറ്റ് ഉത്തരവ് കൂടാതെ പുനർനിർണയിക്കുന്നതും ഇങ്ങനെ ലഭ്യമാകുന്ന തസ്തികകളിൽ അർഹരായ അധ്യാപകരെ സീനിയോറിറ്റി അടിസ്ഥാനത്തിൽ നിലനിർത്തുന്നതിന് മാനേജർക്ക് അനുവാദം ഉണ്ടായിരിക്കുന്നതുമാണ്. (ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചതുമൂലം ഉണ്ടായ ഒഴിവുകളിൽ പ്രസ്തുത മാനേജ്മെന്റിലെ അധിക അധ്യാപകരെ പുനർവിന്യസിക്കാൻ സൂചന 5 ലെ ഉത്തരവ് വഴി സർക്കാർ ഇതിനകം തന്നെ അനുവാദം നൽകിയിട്ടുണ്ട്).

അധ്യാപകരുടെ പുനഃക്രമീകരണം നടത്തുമ്പോൾ സീനിയർ അധ്യാപകരെ ത്തന്നെയാണ് 1:45 തസ്തികകളിൽ/ഒഴിവുകളിൽ നിലനിർത്തിയിരിക്കുന്നത് എന്നും, 1:45/1:35/1:30 അനുപാതത്തിലോ, ഹെഡ്ടീച്ചറുടെ ക്ലാസ് ചാർജ് ഒഴിവാക്കിയുള്ള തസ്തികയിലോ ഉൾക്കൊള്ളിക്കാൻ കഴിയാത്ത നിലയിൽ അതത് മാനേജ്മെന്റിന് കീഴിലുള്ള ഓരോ വിഭാഗത്തിലെയും ഏറ്റവും ജൂനിയറായ അധ്യാപകരായിരിക്കും അധ്യാപക ബാങ്കിൽ ഉൾപ്പെട്ടിരിക്കുന്നതെന്നും ഉറപ്പുവരുത്തിയിരിക്കണം. അംഗീകാരമില്ലാത്തവരോ, അവധി ഒഴിവിൽ നിലനിർത്തപ്പെട്ടിരുന്നവരോ ആയ അധ്യാപകരെയാരുംതന്നെ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തരുത്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ പിന്തുണ അതത് വിദ്യാഭ്യാസ ഓഫീസർമാർ നൽകി ഓരോ മാനേജ്മെന്റിലെയും അധ്യാപക പുനഃക്രമീകരണം കുറ്റമറ്റതാക്കുന്നതിന് അനുയോജ്യമായ തുടർനടപടികൾ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

30.08.2014 നകം മാനേജർമാർ അധ്യാപകരുടെ പുനഃക്രമീകരണം പൂർത്തിയാക്കിയാൽ മാത്രമേ സെപ്തംബർ ആദ്യ ആഴ്ചയോടെ 'അധ്യാപക ബാങ്കി'ൽ ഉൾപ്പെടുത്തേണ്ട ജീവനക്കാരുടെ അന്തിമലിസ്റ്റ് തയ്യാറാക്കാൻ കഴിയൂ. ഇതിനായി ഐ.ടി@സ്കൂൾ തയ്യാറാക്കിയ സോഫ്റ്റ്വെയർ ഉപയോഗിച്ച് ഓൺലൈനായാണ് വിവരങ്ങൾ ശേഖരിക്കാൻ ഉദ്ദേശിക്കുന്നത്. ഒന്നിലധികം റവന്യൂജില്ലകളിൽ സ്കൂളുകളുള്ള വ്യക്തിഗത/കോർപ്പറേറ്റ് മാനേജ്മെന്റുകളിലെ അധ്യാപകരെ സംബന്ധിച്ച ഈ വിവരശേഖരണം ഡയറക്ടറേറ്റിൽ നിന്നാണ് ചെയ്യുന്നത്. ആയതിനാൽ പുനഃക്രമീക

രണ ഉത്തരവുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ മാനേജർമാർ സവിശേഷ ശ്രദ്ധ പുലർത്തേണ്ടതാണ്.

സംതൃപ്തമായ ഒരു അധ്യാപക സമൂഹത്തിനുമാത്രമേ സമഗ്രമായ വിദ്യാഭ്യാസ വിപ്ലവത്തിന് നേതൃത്വം നൽകാൻ കഴിയൂ എന്ന യാഥാർഥ്യം ഉൾക്കൊണ്ടാണ് ചട്ടങ്ങളെല്ലാം ഉദാരീകരിച്ച് 2014-15 വർഷത്തിൽ പരമാവധി അധ്യാപകരെ നില നിർത്തിക്കൊണ്ട് തസ്തിക നിർണയ പ്രവർത്തനം നടത്തിയിരിക്കുന്നത് എന്നറിയിക്കുന്നതിൽ അതിയായ ചാരിതാർഥ്യമുണ്ട്. ഈ വിശ്വാസത്തിന്റെ സദ്ഫലങ്ങൾ നമ്മുടെ കുരുന്നുകളിൽ എത്തിക്കുമ്പോഴാണ് നാം നമ്മുടെ വിദ്യാഭ്യാസ ലക്ഷ്യത്തിലെത്തുന്നത്. ഇതിനായി അധ്യാപക സമൂഹത്തോടൊപ്പം ഓരോ സ്കൂൾ മാനേജർമാരുടെയും ഹൃദയപൂർവമുള്ള പിന്തുണ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഡയറക്ടർ എന്ന നിലയിൽ ഞാൻ അഭ്യർഥിക്കുന്നു.

**കെ. ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്.**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ്

1. കേരളത്തിലെ എല്ലാ സ്കൂൾ മാനേജർമാർക്കും

   (എ.ഇ.ഒ/ഡി.ഇ.ഒ/ഡി.ഡി.ഇ-മാർ വഴി. കോർപ്പറേറ്റ് മാനേജരുടെ കേന്ദ്ര ഓഫീസ് സ്ഥിതി ചെയ്യുന്ന ജില്ലയിലെ വിദ്യാഭ്യാസ ഉപഡയറക്ടർ ഈ സർക്കുലർ ബന്ധപ്പെട്ട മാനേജർക്ക് 23.08.2014 നുതന്നെ എത്തിക്കേണ്ടതാണ്. മറ്റെല്ലാ മാനേജർമാർക്കും അതത് എ.ഇ.ഒ/ഡി.ഇ.ഒ-മാർ എത്തിക്കണം.)

2. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും,
   എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

   (ഈ സർക്കുലർ എല്ലാ മാനേജർമാർക്കും ലഭിച്ചുവെന്ന് ഉറപ്പാക്കേണ്ടതും സർക്കുലറിലെ നിർദേശങ്ങൾ സമയക്ലിപ്തതയോടെ നടപ്പാക്കുന്നതിന് അവരെ സഹായിക്കേണ്ടതും വിദ്യാഭ്യാസ ഓഫീസർമാരുടെ കടമയാണ്.

   2014-15 ലെ തസ്തിക നിർണയ ഉത്തരവുകളിൽ പലതും വൈകല്യമാർന്നവയും ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളിക്കപ്പെടാത്തതുമാണെന്ന് കാണുന്നു. അർഹമായ തസ്തികകൾ അനുവദിക്കാതെയും മറ്റുമുള്ള നിരവധി പോരായ്മകളാണ് ഇതിനകം ഡയറക്ടറേറ്റിന്റെപോലും ശ്രദ്ധയിൽ പെട്ടിട്ടുള്ളത്. കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം XXIII ചട്ടം 12C അനുശാസിക്കുന്ന പരിശോധന ബന്ധപ്പെട്ട ചട്ടങ്ങളുടെയും ഇക്കാര്യത്തിൽ പുറപ്പെടുവിച്ചിട്ടുള്ള പ്രത്യേക ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പൂർത്തിയായിട്ടില്ലെന്നും കാണുന്നു. ഇക്കാര്യങ്ങളിലുള്ള അതൃപ്തി അറിയിക്കുന്നതോടൊപ്പം പരിഹാര നടപടികൾ റിവ്യൂ സമയത്തുതന്നെ പൂർത്തിയാക്കുവാൻ നിർദേശിക്കുകയും ചെയ്യുന്നു)

പകർപ്പ് :-

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)